## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 154** **08.02.2016 ൽ മറുപടിക്ക്.**

## വാണിജ്യനികുതി വകുപ്പിൽ നടപ്പാക്കാത്ത പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വാണിജ്യനികുതി വകുപ്പിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച പദ്ധതികളും പരിപാടികളും ഏതൊക്കെയാണ്; അവയിൽ അതതുവർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ; | എ) | 2011-12 ലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വാണിജ്യനികുതി വകുപ്പിനെ സംബന്ധിച്ച് 358 മുതൽ 374 വരെയുള്ള ഖണ്ഡികകളിൽ 27 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 368-ാമത്തെ ഖണ്ഡിക നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 352-ാമത്തെ ഖണ്ഡിക നടപ്പിലാക്കിയിട്ടില്ല.<br>2012-13 ബഡ്ജറ്റിൽ 371 മുതൽ 402 വരെയുള്ള ഖണ്ഡികകളിൽ 32 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 398, 399 ഖണ്ഡികകൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>ഇതിൽ പാലക്കാട് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായി. വയനാട്, കോട്ടയം, എറണാകുളം അഡീഷണൽ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>2013-14 ബഡ്ജറ്റിൽ 428 മുതൽ 469 വരെയുള്ള ഖണ്ഡികകളിൽ 42 |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 462, 468, 469 എന്നീ ഖണ്ഡികകൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.<br>2014-15 ബഡ്ജറ്റിൽ 342 മുതൽ 405 വരെയുള്ള ഖണ്ഡികകളിൽ 51 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 380, 389, 391, 392, 394, 398, 399, 400, 402, 403, 404, 405 ഖണ്ഡികകൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.<br>ഖണ്ഡിക 401-ലെ നിർദ്ദേശം KVATIS സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലായി വാണിജ്യ നികുതി വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതിതുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര; | ബി) | പ്രസ്തുത വർഷങ്ങളിൽ വാണിജ്യ നികുതി വകുപ്പിന് പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടില്ല. |
| സി) | ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു;വിശദമാക്കുമോ? | സി) | പ്രസ്തുത വർഷങ്ങളിൽ പദ്ധതിയിനത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ